"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ ആയിരിക്കെ മരണമടഞ്ഞ ഹരിദാസ്-ന്റെ മകനും ആശ്രിതനുമായ ശ്രീ.സ്വരൂപ് .പി.വി-യ്ക്ക് - ആശ്രിത നിയമന പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.547/2025/LSGD തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-

1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.
2. 21.02.2018 — ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. 28.04.2018-ലെ സ.ഉ(പി) നം.7/2018/ഉ.ഭ.പ.വ
4. ശ്രീ.സ്വരൂപ് .പി.വി യുടെ 18.03.2023 ലെ അപേക്ഷ
5. 14.07.2023-ലെ സ.ഉ(പി) നം.12/2023/ഉ.ഭ.പ.വ.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.04.2024 തീയതിയിലെ LSGD/PD/48422/2023-DEF1 നമ്പർ കത്ത്.
7. കണ്ണൂർ ജില്ലാ കളക്ടറുടെ 28.10.2024 ലെ DCKNR/9084/2024/A5 നം കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ ആയിരിക്കെ 21.08.2022ൽ മരണമടഞ്ഞ P. V. ഹരിദാസന്റെ മകനും ആശ്രിതനുമായ ശ്രീ.സ്വരൂപ്.പി.വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (4) പ്രകാരം അപേക്ഷ ടിയാന് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (7) പ്രകാരം കണ്ണൂർ ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ ആയിരിക്കെ 21.08.2022ൽ മരണമടഞ്ഞ ഹരിദാസ് ന് 14 വർഷം 03 മാസം 22 ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാന്റെ മകനും ആശ്രിതനും അപേക്ഷകനുമായ ശ്രീ.സ്വരൂപ്.പി.വി-യ്ക്ക് 38 വയസ്സുണ്ടെന്നും (ജനനതീയതി 31.05.1986), ടിയാൾ +2 വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുണ്ടെന്നും, ടിയാന്റെ കുടുംബ വാർഷിക വരുമാനം 72,000/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും, ടിയാന്റെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ.സ്വരൂപ്.പി.വി-യ്ക്ക് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, പരാമർശം (2)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും സമർപ്പിച്ചിട്ടുണ്ടെന്നും, ആയതിനാൽ ശ്രീ.സ്വരൂപ് .പി.വി യെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും കണ്ണൂർ ജില്ലാ

കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടേയും, കണ്ണൂർ ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട് കീപ്പർ ആയിരിക്കെ 21.08.2022 ൽ മരണമടഞ്ഞ പി.വി. ഹരിദാസന്റെ മകനും ആശ്രിതനുമായ ശ്രീ.സ്വരൂപ്.പി.വി (പുതിയ വീട്ടിൽ ഹൗസ്, ചേലോറ.പി.ഒ, കാപ്പാട്, കണ്ണൂർ - 670 006)-യ്ക്ക് ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ചുവടെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള കണ്ണൂർ ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകന്റെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാന്റെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
6. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.
7. പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (4) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാളുടെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
8. അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്താണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. ശ്രീ.സ്വരൂപ് .പി.വി, പുതിയ വീട്ടിൽ ഹൗസ്, ചേലോറ.പി.ഒ, കാപ്പാട്, കണ്ണൂർ – 670006 (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (എല്ലാ രേഖകളും ഉൾപ്പെടെ)
3. ജില്ലാ കളക്ടർ, കണ്ണൂർ.
4. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, കണ്ണൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

5.സെക്രട്ടറി, നാറാത്ത് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. EPA3/274/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 25-02-2025 11:11:25